# കേരള നിയമസഭ
# 04.07.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂലൈ 4, ബുധൻ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| മുഖ്യമന്ത്രി |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |

## തീരദേശ വികസന കോർപ്പറേഷൻ

*451 ശ്രീ. എം. എ. ബേബി
,, ബാബു. എം. പാലിശ്ശേരി
,, കെ. ദാസൻ
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശ സാമൂഹ മത്സ്യബന്ധന അടിസ്ഥാന സൗകര്യ വികസനത്തിനായി സ്ഥാപിതമായ കേരള തീരദേശ വികസന കോർപ്പറേഷന്റെ പ്രവർത്തനമേഖല ഒരു കൺസ്ട്രക്ഷൻ കമ്മിറ്റിയുടേത് മാത്രമായി ചുരുങ്ങിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2011-12 വർഷത്തിൽ തീരദേശവികസന കോർപ്പറേഷൻ വഴി തീരപ്രദേശത്തല്ലാതെ ഏറ്റെടുത്തിട്ടുളള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) എൻ.എഫ്.ഡി.ബി. ധനസഹായത്തോടെ തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന 5 വൻകിട മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണം ഇപ്പോൾ ഏത് അവസ്ഥയിലാണ് ; ഓരോ പദ്ധതിയും പ്രത്യേകം വിശദമാക്കാമോ ?

# കേരള നിയമസഭ
## 04.07.2012-ലെ മറുപടിക്ക്

<u>സിമിയുടെ നിരോധനം</u>

*452 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, സണ്ണി ജോസഫ്
,, എം. എ. വാഹീദ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിമിയുടെ സാന്നിദ്ധ്യം ഉള്ളതായി കരുതുന്നുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് നാഷണൽ ഇന്റലിജൻസ് ഏജൻസി റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) സിമിയുടെ നിരോധനം തുടരണമെന്ന് സംസ്ഥാനം കേന്ദ്ര ട്രൈബ്യൂണലിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) സിമിയുടെ പ്രവർത്തനങ്ങൾ തടയുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ?

# കേരള നിയമസഭ
# 04.07.2012-ലെ മറുപടിക്ക്

<u>തീരദേശ പോലീസ് സ്റ്റേഷന്‍</u>

*453 ശ്രീ. ഷാഫി പറമ്പില്‍
,, ഡൊമിനിക് പ്രസന്റേഷന്‍
,, വര്‍ക്കല കഹാര്‍
,, തേറമ്പില്‍ രാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കടലിലുണ്ടാകുന്ന അപകടങ്ങളുടെ പശ്ചാത്തലത്തില്‍ സുരക്ഷ ശക്തമാക്കുന്നതിന് തീരദേശ പോലീസ് സ്റ്റേഷനുകളില്‍ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്;

(ബി) നേവി, കോസ്റ്റ് ഗാര്‍ഡ് എന്നിവയില്‍ നിന്ന് റിട്ടയര്‍ ചെയ്ത ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തുമോ;

(സി) കടലില്‍ പോകാന്‍ പരിചയവും ആരോഗ്യവും ഉള്ളവരെ സുരക്ഷാ പരിപാടികളില്‍ പങ്കാളികളാക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 04.07.2012-ലെ മറുപടിക്ക്

പങ്കാളിത്ത പെൻഷൻ പദ്ധതി

*454 ശ്രീ. എളമരം കരീം
,, വി. ശിവൻകുട്ടി
,, രാജു എബ്രഹാം
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാം ; ഇവ പരിശോധിച്ചിട്ടുണ്ടോ ;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ നിന്നും പുറകോട്ടു പോകാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; എങ്കിൽ അന്തിമ തീരുമാനം എടുക്കുന്നതിന് മുമ്പായി കേന്ദ്ര സർക്കാരിനെ ഇത് അറിയിക്കുമോ;

(സി) 2004 ഏപ്രിൽ മാസത്തിനുശേഷം സംസ്ഥാനത്ത് സർവ്വീസിൽ കയറിയവരെത്ര; പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയാൽ സർവ്വീസിൽ നിന്നും പെൻഷൻ പറ്റുന്നവർക്ക് ഇപ്പോൾ ലഭിക്കുന്ന ഗ്രാറ്റുവിറ്റി, സ്റ്റാറ്റ്യൂട്ടറി പെൻഷൻ, പി. എഫ്. തുടങ്ങിയവ ലഭിക്കുമോ;

(ഡി) നിക്ഷേപ കമ്പനികൾ തകർന്നുപോയാലും പങ്കാളിത്ത പെൻഷൻ പദ്ധതിയിൻകീഴിൽ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുമെന്ന് ഉറപ്പ് നൽകുമോ?

# കേരള നിയമസഭ
## 04.07.2012-ലെ മറുപടിക്ക്

<u>തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

*455 ശ്രീ. സി. പി. മുഹമ്മദ്
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) ഇതിനായി കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോയെന്നു വിശദമാക്കുമോ;

(സി) പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 04.07.2012-ലെ മറുപടിക്ക്

<u>കുട്ടികളെ തട്ടിക്കൊണ്ടുപോകൽ</u>

*456 ശ്രീ. എം. പി. വിൻസന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചുകുട്ടികളെ ഭിക്ഷാടന സംഘങ്ങൾ തട്ടിക്കൊണ്ടു പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിന് പൊതുജന സഹായത്തോടെ ജാഗ്രതാ സമിതികൾ രൂപീകരിക്കുമോ;

(സി) ഭിക്ഷാടന സംഘങ്ങൾ കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നത് തടയുന്നതിന് ക്രൈം സ്റ്റോപ്പർ മാതൃകയിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുമോ ?

# കേരള നിയമസഭ
# 04.07.2012-ലെ മറുപടിക്ക്

<u>തടവുകാരുടെ പുനരധിവാസം</u>

*457 ശ്രീ. വി.പി സജീന്ദ്രൻ
,, ലൂഡി ലൂയിസ്
,, എം.എ. വാഹീദ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശിക്ഷാകാലാവധി അവസാനിക്കുമ്പോൾ തടവുകാരെ സമൂഹ ത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ സഹായിക്കുന്ന എന്തെല്ലാം പ്രവർത്തനങ്ങളാണ് ജയിലുകളിൽ നടന്നുവരുന്നത്; വിശദമാക്കാമോ;

(ബി) ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ തടവുകാരുടെ പുനരധി വാസത്തിന് എത്രത്തോളം സഹായകരമാകും എന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ;

(സി) തടവുകാരുടെ കഴിവുകൾ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുമോ;

(ഡി) എങ്കിൽ ഇത്തരം പ്രവർത്തനങ്ങൾ എല്ലാ ജയിലുകളിലും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 04.07.2012-ലെ മറുപടിക്ക്

സൈബർ കുറ്റകൃത്യങ്ങൾ

*458 ശ്രീ. കെ. അജിത്
,, സി. ദിവാകരൻ
,, ജി. എസ്. ജയലാൽ
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൈബർ കുറ്റകൃത്യങ്ങളിൽ കൂടുതലും പണം തട്ടിപ്പുമായി ബന്ധപ്പെട്ടവയാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2010, 2011 വർഷങ്ങളിൽ ഇത്തരത്തിലുള്ള എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) വെബ്സൈറ്റ് ഹാക്ക് ചെയ്യുന്നതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ പ്രസ്തുത കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) മൊബൈൽ ഫോൺ വഴിയുള്ള കുറ്റകൃത്യങ്ങൾ ഈ വർഷം ഇതുവരെ എത്രയെണ്ണം രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിദേശ രാജ്യങ്ങളുമായി ബന്ധപ്പെട്ട ഇത്തരം തട്ടിപ്പുകൾ തടയുന്നതിനായി എന്തെല്ലാം നടപടികളെടുക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 04.07.2012-ലെ മറുപടിക്ക്

<u>കേസന്വേഷണങ്ങളിലെ രാഷ്ട്രീയ ഇടപെടലുകൾ</u>

*459 ശ്രീ. രാജു എബ്രഹാം
,, പി. കെ. ഗുരുദാസൻ
ശ്രീമതി കെ. കെ. ലതിക
ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനങ്ങൾക്ക് സ്വൈര്യജീവിതം ഉറപ്പാക്കുന്നതിനും നിഷ്പക്ഷമായ നീതി നിർവ്വഹണത്തിനുമായി പോലീസ് സേനയെ സജ്ജമാക്കാൻ തയ്യാറാകുമോ; പോലീസ് സേനയെ രാഷ്ട്രീയ താല്പര്യങ്ങൾക്കായി വിനിയോഗിക്കുന്നു എന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രാഷ്ട്രീയതാല്പര്യങ്ങൾ മുൻനിർത്തി കേസ് അന്വേഷണങ്ങളിൽ മൂന്നാം മുറകളും കളളമൊഴി രേഖപ്പെടുത്തലും നടക്കുന്നതായി അറിയാമോ;

(സി) അന്വേഷണം ആരംഭിക്കുന്ന ഘട്ടത്തിൽതന്നെ സംഭവങ്ങളുടെ ഉത്തരവാദികൾ ആരൊക്കെയാണെന്ന് യാതൊരു തെളിവുകളുടെയും പിൻബലമില്ലാതെ ഭരണാധികാരികൾ പ്രസ്താവന നടത്തുന്നത് കേസ് അന്വേഷണത്തിന്റെ ദിശ നിശ്ചയിക്കുന്നതിന് ഇടയാക്കുമെന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഭരിക്കുന്നവരുടെ തെറ്റായ രാഷ്ട്രീയ താല്പര്യങ്ങൾക്ക് അനുപൂരകമായി പോലീസ് പ്രവർത്തിക്കാതിരിക്കാനും നിഷ്പക്ഷ പ്രവർത്തനം ഉറപ്പിക്കാനും തയ്യാറാകുമോ ?

# കേരള നിയമസഭ
## 04.07.2012-ലെ മറുപടിക്ക്

<u>സ്കൂൾ വാഹനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ</u>

*460 ശ്രീ. വി. ശിവൻകുട്ടി
'' എ. പ്രദീപ്കുമാർ
'' ആർ. രാജേഷ്
'' റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷയെ മുൻനിർത്തി ഡി. ജി. പി. പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ വിദ്യാർത്ഥികളുമായി പോകുന്ന വാഹനങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പോലീസ് പരിശോധിക്കാറുണ്ടോ ;

(ബി) പരിശോധനയുടെ ഭാഗമായി സംസ്ഥാനത്ത് ഇതിനകം എത്ര വാഹനങ്ങൾ കസ്റ്റഡിയിൽ എടുക്കുകയുണ്ടായി ; എത്ര ഡ്രൈവർമാർക്കെതിരെ കേസുകൾ എടുത്തു ;

(സി) ഈ നിർദ്ദേശങ്ങൾക്കുശേഷം സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികളുമായി പോയ എത്ര വാഹനങ്ങൾ അപകടത്തിൽപ്പെടുകയുണ്ടായി ; എത്ര വിദ്യാർത്ഥികൾ മരണപ്പെടുകയുണ്ടായി; നിർദ്ദേശം നടപ്പാക്കാത്തതിന്റെ പേരിൽ എത്ര പോലീസുകാർക്കെതിരെ നടപടികളുണ്ടായി ;

(ഡി) ഡി. ജി. പി. യുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സ്കൂളിലേക്കും തിരിച്ചും കുട്ടികളെ വാഹനങ്ങളിൽ കൊണ്ടുപോകുന്നില്ലെന്നുറപ്പാക്കുമോ ?

# കേരള നിയമസഭ
## 04.07.2012-ലെ മറുപടിക്ക്

<u>കേരള ട്രഡീഷണൽ നോളജ് അതോറിറ്റി</u>

*461 ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള ട്രഡീഷണൽ നോളജ് അതോറിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് പാരമ്പര്യ വിജ്ഞാന മേഖലകൾ കണ്ടെത്തുന്നതിനും സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 04.07.2012-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണ പദ്ധതി</u>

*462 ശ്രീ. കെ. ശിവദാസൻ നായർ
,, ലൂഡി ലൂയിസ്
,, കെ. മുരളീധരൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണത്തിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

(ബി) ഈ പദ്ധതിയുടെ കേന്ദ്ര വിഹിതം ഉയർത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) കേന്ദ്ര വിഹിതത്തിന് പുറമേ അധിക തുക ഭവന പദ്ധതികൾക്ക് ഉൾപ്പെടുത്തുന്നകാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 04.07.2012-ലെ മറുപടിക്ക്

<u>കടൽ സുരക്ഷാ പദ്ധതി</u>

*463 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, സി. ദിവാകരൻ
,, പി. തിലോത്തമൻ
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികൾക്കായി കടൽ സുരക്ഷാ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിയിലുള്ള തൊഴിലാളികൾക്ക് സബ്സിഡി നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ഡി) ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന എല്ലാ മത്സ്യത്തൊഴിലാളികളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 04.07.2012-ലെ മറുപടിക്ക്

<u>മണ്‍സൂണ്‍ ട്രോളിംഗ് നിരോധനം</u>

*464 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, എന്‍. എ. നെല്ലിക്കുന്ന്
,, അബ്ദുറഹിമാന്‍ രണ്ടത്താണി
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മഴക്കാല ട്രോളിംഗ് നിരോധനം ഫലപ്രദമായി നടപ്പാക്കാനും , മത്സ്യബന്ധനമേഖല സംഘര്‍ഷ വിമുക്തമാക്കാനും സ്വീകരിച്ചിട്ടുള്ള നടപടികള്‍ വിശദമാക്കുമോ ;

(ബി) നിരോധന കാലയളവില്‍ മത്സ്യത്തിന്റെ പ്രജനന സൗകര്യങ്ങള്‍ വര്‍ദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികള്‍ മുന്‍കൂട്ടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) നിരോധന കാലയളവില്‍ കേരള തീരത്ത് വിദേശ ട്രോളറുകള്‍ മത്സ്യബന്ധനം നടത്തുന്നതു തടയുന്നതിന് ഏതൊക്കെ ഏജന്‍സികളുടെ സേവനം ഉറപ്പാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 04.07.2012-ലെ മറുപടിക്ക്

<u>ലീഗൽ സർവ്വീസസ് അതോറിറ്റി</u>

*465 ശ്രീ. സണ്ണി ജോസഫ്
,, ഷാഫി പറമ്പിൽ
,, പാലോട് രവി
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
# 04.07.2012-ലെ മറുപടിക്ക്

<u>കരിമീന്‍ കൃഷി</u>

*466 ശ്രീ. റ്റി. എന്‍. പ്രതാപന്‍
,, കെ. മുരളീധരന്‍
,, വി. ഡി. സതീശന്‍
,, പി. എ. മാധവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന മല്‍സ്യമായി പ്രഖ്യാപിച്ചിട്ടുളള കരിമീന്‍ കൃഷി ചെയ്യാനും പ്രചാരം വര്‍ദ്ധിപ്പിക്കാനുമുളള പദ്ധതിക്ക് രൂപം നല്‍കിയിട്ടുണ്ടോ ;

(ബി) അനുയോജ്യമായ എല്ലാ ജലാശയങ്ങളിലും പ്രസ്തുത പദ്ധതി നടപ്പാക്കാന്‍ ശ്രമിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കള്‍ ആരെല്ലാമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 04.07.2012-ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളികളുടെ വായ്പകളിന്മേലുള്ള ജപ്തി-റിക്കവറി നടപടികൾക്ക് മൊറട്ടോറിയം

*467 ശ്രീ. വർക്കല കഹാർ
,, സണ്ണി ജോസഫ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകളിന്മേലുള്ള ജപ്തി റിക്കവറി നടപടികൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(ബി) സർക്കാർ ഉത്തരവ് പ്രകാരമുള്ള കടാശ്വാസം നൽകാത്തപക്ഷം എന്തെല്ലാം നടപടികളാണ് ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ കൈക്കൊളളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കടാശ്വാസ നിയമ പ്രകാരം അർഹത നിശ്ചയിക്കുവാനുളള അധികാരം ആർക്കാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

# 04.07.2012-ലെ മറുപടിക്ക്

<u>ജയിലുകളിൽ ലീഗൽ എയിഡ് ക്ലിനിക്കുകൾ</u>

*468 ശ്രീ. ആർ. സെൽവരാജ്
,, ഡൊമിനിക് പ്രസന്റേഷൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ജയിലുകളിലും ലീഗൽ എയിഡ് ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ലീഗൽ എയിഡ് ക്ലിനിക്കുകളുടെ ഉദ്ദേശ്യലക്ഷ്യവും പ്രവർത്തന രീതിയും എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ക്ലിനിക്കുകൾ വഴി തടവുകാർക്ക് ലഭിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് എടുക്കാനുദ്ദേശിക്കുന്നതെന്ന്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 04.07.2012-ലെ മറുപടിക്ക്

പി.എസ്.സി റാങ്ക് ലിസ്റ്റുകളുടെ കാലാവധി

*469 ശ്രീ. ആർ. രാജേഷ്
,, പി. ശ്രീരാമകൃഷ്ണൻ
,, റ്റി.വി. രാജേഷ്
ശ്രീമതി കെ.എസ്.സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റുകൾക്ക് കാലാവധി നിർണ്ണയിക്കേണ്ടതില്ലെന്ന് സർക്കാർ കരുതുന്നുണ്ടോ; റാങ്ക് ലിസ്റ്റുകൾക്ക് കാലാവധി നിശ്ചയിച്ചുകൊണ്ട് വ്യവസ്ഥ ചെയ്തിരിക്കുന്നത് എന്ത് ഉദ്ദേശ്യത്തോടുകൂടിയാണ്; ഈ ഉദ്ദേശ്യത്തിന് ഇപ്പോൾ പ്രസക്തി ഇല്ലാതായിട്ടുണ്ടോ;

(ബി) റാങ്ക്ലിസ്റ്റുകളിൽ നിന്ന് യഥാസമയം ഒഴിവുകളിലേക്ക് റിപ്പോർട്ട് ചെയ്യാത്ത അവസ്ഥ ഇപ്പോൾ സംജാതമായിരിക്കുന്നതുകൊണ്ടാണോ റാങ്ക്ലിസ്റ്റുകളുടെ കാലാവധി നീട്ടാൻ ആവശ്യപ്പെടുന്നത്;

(സി) സർക്കാർ നിർദ്ദേശത്തെത്തുടർന്ന് പി.എസ്.സി കാലാവധി നീട്ടിക്കൊടുത്ത റാങ്ക്ലിസ്റ്റുകളുടെ എണ്ണം എത്രയാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) സർക്കാർ ആവശ്യപ്പെടുന്ന ഒഴിവുകളിലേക്ക് പി.എസ്.സി തയ്യാറാക്കുന്ന റാങ്ക്ലിസ്റ്റുകളിൽ നിന്ന് യഥാസമയം നിയമനം നടത്താതിരിക്കുന്ന സ്ഥിതിവിശേഷം മാറ്റാൻ തയ്യാറാകാതെ ലിസ്റ്റുകളുടെ കാലാവധി നീട്ടുന്നത് എന്തുകൊണ്ടാണ്?

# കേരള നിയമസഭ
## 04.07.2012-ലെ മറുപടിക്ക്

നിര്‍ദ്ധനരായ തടവുകാരുടെ ആശ്രിതര്‍ക്കും ക്ഷേമ പദ്ധതി

*470 ശ്രീ. എം.വി. ശ്രേയാംസ് കുമാര്‍
ഡോ. എന്‍. ജയരാജ്
ശ്രീ. പി.സി. ജോര്‍ജ്
,, റോഷി അഗസ്റ്റിന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ജയിലുകളില്‍ കഴിയുന്ന നിര്‍ദ്ധനരായ തടവുകാരുടെ മക്കളുടെ ക്ഷേമത്തിനായി എന്തെങ്കിലും പദ്ധതികള്‍ നിലവിലുണ്ടോ; വിശദമാക്കുമോ;

(ബി) തടവുശിക്ഷ ഏഴുവര്‍ഷത്തിലധികമായി അനുഭവിക്കുന്നവരുടെ ആശ്രിതര്‍ക്ക് എന്തെല്ലാം സഹായങ്ങളാണ് നല്കിവരുന്നത്; വ്യക്തമാക്കുമോ;

(സി) ജയിലുകളില്‍ കഴിയുന്ന തടവുകാര്‍ക്കായുള്ള ക്ഷേമപ്രവര്‍ത്തന ങ്ങള്‍ ഏകോപിപ്പിക്കാനും ഊര്‍ജ്ജിതപ്പെടുത്തുവാനും ഉതകുന്ന വിധത്തില്‍ എന്തെല്ലാം കാര്യങ്ങള്‍ ഇതിനോടകം ചെയ്യാന്‍ സാധിച്ചുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 04.07.2012-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റിലെ കമ്പ്യൂട്ടർവൽക്കരണം</u>

*471 ശ്രീ. പി. ഉബൈദുള്ള
,, കെ. മുഹമ്മദുണ്ണി ഹാജി
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ;

(ബി) കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾ ആരംഭിക്കും മുൻപ് സർവ്വീസിൽ ഉണ്ടായിരുന്നവരും നിലവിൽ സർവ്വീസിൽ തുടരുന്നവരുമായ എല്ലാ ഉദ്യോഗസ്ഥർക്കും കമ്പ്യൂട്ടർ പരിജ്ഞാനം നല്കികഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എത്രയുംവേഗം പരിശീലനം നല്കുമോ;

(സി) പരാതികളുടെയും, ഫയലുകളുടെയും നീക്കം രേഖപ്പെടുത്താനും പരിശോധിക്കാനും സഹായകരമായ ഐഡിയ എന്ന സോഫ്റ്റ്‌വെയർ സെക്രട്ടേറിയറ്റിൽ ഉപയോഗത്തിലായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും ഇത് പ്രവർത്തനക്ഷമമാണോ; അല്ലെങ്കിൽ അടിയന്തിരമായി പ്രവർരത്തനക്ഷമാക്കുമോ;

(ഇ) നിയമസഭാംഗങ്ങൾക്ക് അവർ നൽകിയ നിവേദനങ്ങളുടെയും കത്തുകളുടെയും നീക്കം സംബന്ധിച്ച വിവരങ്ങൾ അറിയാൻ ഇതിലേയ്ക്കുള്ള അക്സസ് നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നിർദ്ദേശം നല്കുമോ?

# കേരള നിയമസഭ
## 04.07.2012-ലെ മറുപടിക്ക്

<u>മത്സ്യ/ചെമ്മീന്‍ വിത്ത് ഉല്പാദനത്തില്‍ സ്വയംപര്യാപ്തത</u>

*472 ശ്രീ. എ. എം. ആരിഫ്
,, എസ്. ശര്‍മ്മ
ഡോ. കെ. ടി. ജലീല്‍
ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗുണമേന്മയുള്ള മത്സ്യ/ചെമ്മീന്‍ വിത്ത് ഉല്പാദനത്തില്‍ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പൊതുമേഖലാ ഹാച്ചറികളില്‍ പ്രതിവര്‍ഷം എത്രമാത്രം വിത്ത് ഉല്പാദിപ്പിക്കപ്പെടുന്നുണ്ടെന്നും ഇത് ആവശ്യകതയുടെ എത്ര ശതമാനം നിറവേറ്റുവാന്‍ പര്യാപ്തമാണെന്നും വ്യക്തമാക്കാമോ;

(സി) മറ്റ് സംസ്ഥാനങ്ങളില്‍ നിന്നും 2011-12 വര്‍ഷത്തില്‍ ലഭിച്ച മത്സ്യ/ചെമ്മീന്‍ വിത്തിന്റെ അളവ് കണക്കാക്കിയിട്ടുണ്ടോ; എങ്കില്‍ എത്ര; വകുപ്പു വഴി നേരിട്ടാണോ അതോ ഏജന്‍സിവഴിയാണോ ഇത് ലഭ്യമാക്കുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) തദ്ദേശീയമായ സ്വകാര്യ ഹാച്ചറികള്‍ 2011-12 വര്‍ഷത്തില്‍ ഉല്‍പ്പാദിപ്പിച്ചിട്ടുള്ള മത്സ്യ/ചെമ്മീന്‍ വിത്ത് എത്ര എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കില്‍ എത്ര എന്ന് വെളിപ്പെടുത്തുമോ;

(ഇ) സര്‍ക്കാര്‍ സ്കീമുകള്‍ക്കായി സ്വകാര്യഹാച്ചറികളില്‍ നിന്നും 2011-12 വര്‍ഷത്തില്‍ എത്ര അളവ് വിത്തുകള്‍ വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്ത് ഇറക്കുമതി ചെയ്യപ്പെടുന്നതും, ഉല്പാദിപ്പിക്കപ്പെടുന്നതുമായ മത്സ്യ/ചെമ്മീന്‍ വിത്തുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സീഡ് സര്‍ട്ടിഫിക്കേഷന്‍ സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കില്‍ ഇതിനായി എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 04.07.2012-ലെ മറുപടിക്ക്

<u>പോലീസുകാരുടെ പ്രവര്‍ത്തനം നിരീക്ഷിക്കുന്നതിന്</u>
<u>ഇന്റലിജന്‍സ് വിഭാഗം</u>

*473 ശ്രീ. അന്‍വര്‍ സാദത്ത്
,, വി. പി. സജീന്ദ്രന്‍
,, ഡൊമിനിക് പ്രസന്റേഷന്‍
,, പി. എ. മാധവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പോലീസുകാരുടെ പ്രവര്‍ത്തനം ശരിയായ രീതിയിലാണോ എന്ന് പരിശോധിക്കുന്നതിന് നിലവില്‍ സംവിധാനങ്ങളുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനു വേണ്ടി ഇന്റലിജന്‍സ് വിജിലന്‍സ് വിഭാഗം രൂപീകരിയ്ക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 04.07.2012-ലെ മറുപടിക്ക്

സഹകരണ സ്ഥാപനങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളികൾ എടുത്ത വായ്പ

*474 ശ്രീ. എം. ചന്ദ്രൻ
,, ജി. സുധാകരൻ
,, ബി. ഡി. ദേവസ്സി
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളികൾ എടുത്ത വായ്പകൾ എല്ലാം എഴുതിത്തള്ളിയിട്ടുണ്ടോ ;

(ബി) സഹകരണസംഘങ്ങളിൽ നിന്ന് മത്സ്യത്തൊഴിലാളികൾ വായ്പയായി എടുത്ത എത്ര കോടി രൂപ ഇപ്പോൾ കുടിശ്ശികയായിട്ടുണ്ട്; മുൻസർക്കാരിന്റെ കാലത്ത് കടാശ്വാസ കമ്മീഷൻ ശുപാർശ പ്രകാരം എത്ര കോടി രൂപയുടെ വായ്പ എഴുതിത്തള്ളുകയുണ്ടായെന്ന് വ്യക്തമാക്കുമോ;

(സി) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശുപാർശകളിൽ ഇനിയും നടപ്പിലാക്കുവാനായി അവശേഷിക്കുന്നവയുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.07.2012-ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

*475 ശ്രീ. എ. റ്റി. ജോർജ്
,, വി. പി. സജീന്ദ്രൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനുള്ള എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ ഈ സർക്കാരിന്റെ കാലത്ത് ഈ ഇനത്തിൽ എന്തു തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഗ്രൂപ്പ് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണ്;

(ഡി) ഈയിനത്തിൽ കൂടുതൽ തുക വകയിരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 04.07.2012-ലെ മറുപടിക്ക്

പോലീസ് സേനയിൽ വിദഗ്ദ്ധ അന്വേഷണ വിഭാഗം

*476 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
,, ഇ. പി. ജയരാജൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രത്യേക അന്വേഷണങ്ങൾ നടത്തുന്നതിന് പോലീസ് സേനയിൽ വിദഗ്ദ്ധ അന്വേഷണ വിഭാഗം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇപ്പോഴത്തെ സംവിധാനങ്ങൾക്കുളള എന്തെല്ലാം പോരായ്മകളാണ് പുതിയ സംവിധാനം വഴി നികത്താൻ കഴിയുകയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച ഹൈക്കോടതി വിധി എന്തായിരുന്നു ;

(സി) സ്റ്റേറ്റ് പോലീസ് ചീഫിൽ നിന്നും ഇക്കാര്യത്തിൽ ലഭിച്ച റിപ്പോർട്ട് പരിശോധിക്കുകയുണ്ടായോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 04.07.2012-ലെ മറുപടിക്ക്

<u>പൂവ്വാറിൽ കപ്പൽ നിർമ്മാണ ശാല</u>

*477

ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഒരു പുതിയ കപ്പൽ നിർമ്മാണ കേന്ദ്രം അനുവദിക്കുന്ന കാര്യം കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിന്റെ പരിഗണനയിൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് അനുവദിയ്ക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത കപ്പൽ നിർമ്മാണ കേന്ദ്രത്തിന് ഏറ്റവും അനുയോജ്യമായ സ്ഥലം പൂവ്വാർ ആണെന്നുള്ള കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് കൊച്ചി കപ്പൽ നിർമ്മാണ കേന്ദ്രം നടത്തിയ പഠനവും തുടർന്നുള്ള റിപ്പോർട്ടും എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) പൂവ്വാറിൽ നിർദ്ദിഷ്ട കപ്പൽ നിർമ്മാണ കേന്ദ്രം തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 04.07.2012-ലെ മറുപടിക്ക്

<u>അനധികൃത മദ്യക്കടത്തും വിൽപനയും തടയുന്നതിന് നടപടി</u>

*478 ശ്രീ. സാജു പോൾ
,, കെ. രാധാകൃഷ്ണൻ
,, വി. ചെന്താമരാക്ഷൻ
ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനധികൃത മദ്യക്കടത്തും അതുവഴിയുള്ള നികുതി വെട്ടിപ്പും സംസ്ഥാനത്ത് വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനധികൃത മദ്യക്കടത്തും വിൽപനയും തടയുന്നതിന് സംവിധാനങ്ങൾ ദുർബലമായിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ രംഗത്ത് പ്രവർത്തിക്കുന്ന എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരും മദ്യക്കടത്തുകാരും തമ്മിലുള്ള അവിശുദ്ധ ബന്ധത്തെക്കുറിച്ച് അന്വേഷണം നടത്തുമോ?

# കേരള നിയമസഭ

## 04.07.2012-ലെ മറുപടിക്ക്

പോലീസ് സ്റ്റേഷനുകളിലെ വയോജന സേവന കേന്ദ്രങ്ങൾ

*479 ശ്രീമതി ഗീതാ ഗോപി
ശ്രീ. വി. എസ്. സുനിൽ കുമാർ
ശ്രീമതി ഇ. എസ്. ബിജി മോൾ
ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ പോലീസ് സ്റ്റേഷനുകളിലും വയോജന സേവന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഈ കേന്ദ്രങ്ങളിലൂടെ എന്തെല്ലാം സേവനങ്ങളാണ് നൽകിക്കൊണ്ടിരിക്കുന്നത് ;

(സി) വയോജനങ്ങളുമായി സ്ഥിരമായി ബന്ധം പുലർത്തുന്നതിനുള്ള വാളന്റിയർ കമ്മിറ്റികൾ രൂപീകരിച്ചു തുടങ്ങിയിട്ടുണ്ടോ;

(ഡി) ഇത്തരം സേവന കേന്ദ്രങ്ങളും വാളന്റിയർ കമ്മിറ്റികളും എല്ലാ സ്റ്റേഷനുകളിലും ഏർപ്പെടുത്തുന്നതിനായി എത്ര കാലം വേണ്ടി വരുമെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 04.07.2012-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള ആനുകൂല്യങ്ങൾ</u>

*480 ശ്രീ. ബെന്നി ബെഹനാൻ
'' എ. പി. അബ്ദുള്ളക്കുട്ടി
'' അൻവർ സാദത്ത്
'' ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എന്തെല്ലാം ആനുകൂല്യങ്ങളാണ് വർദ്ധിപ്പിക്കുന്നത്;വ്യക്തമാക്കുമോ ;

(ബി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്കുള്ള അംശദായ വിഹിതം കൃത്യമായി അടപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്ന് വിശദമാക്കാമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2012 ജൂൺ 25.

പി. കെ. മുരളീധരൻ,
സെക്രട്ടറി - ഇൻ - ചാർജ്